പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1883

14.07.2011-ലെ മറുപടിക്ക്

## ഗ്രാമീണ റോഡുകളിൽ കയർ ഭൂവസ്ത്രം

| ചോദ്യം<br><br>ശ്രീ. കെ.കെ. ജയ ചന്ദ്രൻ | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഗ്രാമീണ റോഡുകളിൽ കയർ ഭൂവസ്ത്രം (ജിയോ ടെക്സ്റ്റയിൽസ്) ഉപയോഗിക്കാൻ ഗ്രാമവികസന ഏജൻസിക്ക് വ്യവസായ കയർ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ ; | (എ) 16/6/2009 ലെ തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പിന്റെ 27367/ഡി.ഡി2/09/ ത.സ്വ.ഭ.വ കുറിപ്പ് പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കയർ ജിയോ ടെക്സ്റ്റയിൽസിനെ നിർമ്മാണ വസ്തുവായി ഉൾപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമ വികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രധാന പാതകൾ ഒഴികെയുള്ള പഞ്ചായത്ത് റോഡുകൾ കയർ ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിച്ച് ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് അടിയന്തിര നടപടി കൈക്കൊള്ളുന്നതിനായി ജില്ല, ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നല്കുവാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 10/6/2009 ൽ ബന്ധപ്പെട്ടവർക്ക് നൽകിയ നിർദ്ദേശപ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവർത്തികളിൽ ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുകയും അതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും വേണ്ട നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്. |
| (ബി) കേരളം ഉൾപ്പെടെ 9 സംസ്ഥാനങ്ങളിൽ പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) കയർ ബോർഡാണ് കേന്ദ്ര സർക്കാരിന്റെ പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) എങ്കിൽ പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) മുകളിൽ (ബി) മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ